# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1964 11/06/2018 ൽ മറുപടിയ്ക്ക്

### ഫയലുകൾ താമസിപ്പിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി

ചോദ്യം
ശ്രീ. വി.കെ.സി. മമ്മത് കോയ

ഉത്തരം
പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരളത്തിലെ സർക്കാർ ഓഫീസുകളും സെക്രട്ടേറിയറ്റും കമ്പ്യൂട്ടർവൽക്കരിച്ച കഴിഞ്ഞതിനുശേഷവും പല തീരുമാനങ്ങളുമെടുക്കുന്നതിന് കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും | ഇ-ഓഫീസ് സംവിധാനത്തിലൂടെ ഫയൽ നീക്കം ത്വരിതഗതിയിലാക്കിയിട്ടുണ്ട്. കീഴ് കാര്യാലയങ്ങളിൽ നിന്ന് വിവരങ്ങൾ ശേഖരിക്കുന്നതിന് ഫാക്സ്,ഇ-മെയിൽ, ടെലിഫോൺ തുടങ്ങിയ സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി കാല താമസം ഒഴിവാക്കുന്നുണ്ട്. വകുപ്പിൽ തീർപ്പാക്കാനുള്ള ഫയലുകൾ ഫയൽ അദാലത്തുകൾ നടത്തി പരമാവധി തീർപ്പാക്കി വരുന്നു. സങ്കീർണ്ണവും, നിയമപരവുമായ തീരുമാന-ങ്ങളാവശ്യമായ ഫയലുകൾ ഒഴികെയുള്ളവയെല്ലാം സമയ പരിധിയ്ക്കുള്ളിൽ തീരുമാനമെടുത്ത് തീർപ്പാക്കുന്നതിന് ഫലപ്രദമായ നടപടി സ്വീകരിച്ച് വരുന്നു. |
| (ബി) | ഫയലുകൾ വെച്ച് താമസിപ്പിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ ; | | |
| (സി) | ഏതെങ്കിലും ഉദ്യോഗസ്ഥൻ ലീവെടുത്താൽ ആ സെക്ഷനിലെ ഫയൽ മറ്റാർക്കും നടപടിയെടുക്കാൻ കഴിയാത്ത രൂപത്തിൽ കെട്ടിക്കിടക്കുന്നത് ഒഴിവാക്കാൻ ആവശ്യമായ ക്രമീകരണങ്ങൾ ഉണ്ടാകുമോ; | (സി) യും (ഡി) യും | ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ അഭാവത്തിൽ മറ്റൊരു ഉദ്യോഗസ്ഥന് ചുമതല വഹിക്കാനാവുന്ന തരത്തിൽ സെക്രട്ടേറിയറ്റിൽ ലിങ്ക് ഓഫീസർ സമ്പ്രദായം നടപ്പിലാക്കിയത് ഫയൽ നീക്കം ത്വരിതപ്പെടുത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഓഫീസ് മാന്വലിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. |
| (ഡി) | ഇതുമായി ബന്ധപ്പെട്ട ഓഫീസ് മാന്വലുകൾ പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ